ALL KERALA TRADE INSTRUCTORS AND TRADESMANS ORGANISATION
DEPARTMENT OF TECHNICAL EDUCATION
Reg. No. 268/92, Govt. Recognised as per GO (P) 34/92 P&ARD Dated 19-08-92
STATE COMMITTEE
Ph: 7012963610

For Internal Circulation only

# AKTO NEWS LETTER

Volume I Issue :2 March 2018

aktostatecommittee@gmail.com

## സന്ദേശം



**ഉണ്ണിക്കൃഷ്ണൻ എ.,**
ആക്റ്റോ സ്ഥാപക നേതാവ്

ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ അന്ന് നേരിട്ടിരുന്ന, അനുഭവിച്ചിരുന്ന അവഗണനയുടെയും മറ്റും ഫലമായി പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ നിന്നാണ് ആദ്യമായി ജീവനക്കാർ സംഘടിക്കാൻ തുടങ്ങിയത്. അങ്ങനെ 1991 ൽ ആക്റ്റോ സംഘടനയ്ക്ക് തുടക്കമായി. സംഘടനയുടെ ആദ്യകാല പ്രസിഡന്റ് തൃശ്ശൂർ എം.ടി.ഐയിൽ നിന്നും വിരമിച്ച ശ്രീ. യു.എസ്. ഭാസ്ക്കരൻ മാഷായിരുന്നു. സംഘടനയുടെ അന്നത്തെ ഓഫീസ് ഷൊർണ്ണൂർ റ്റി.എച്ച്.എസ്.ന് സമീപമായിരുന്നു. 11 പേരായിരുന്നു ആദ്യം സംഘടനയിലുണ്ടായിരുന്നത്. ഇവരുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി മറ്റുള്ള സ്ഥാപനങ്ങളിലും അംഗങ്ങളെ ചേർക്കുകയും സംസ്ഥാന സംഘടനയുണ്ടാക്കുകയും അങ്ങനെ സംഘടനയ്ക്ക് സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്തു.

ജീവനക്കാരുടെ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കാൻ ഒട്ടേറെ സമരങ്ങൾ നടത്തി. നീതിയ്ക്ക് വേണ്ടിയുള്ള പോരാട്ടം കേരള ഹൈക്കോടതി വരെ എത്തി. ഏറെ പിന്തള്ളപ്പെട്ടുപോയ ഒരു വിഭാഗം ജീവനക്കാരുടെ തിരിച്ചുവരവിന്റെ ഐതിഹാസിക കഥകൾ തുടരും. കടമകൾ സുപ്രധാനം. രാജ്യപുരോഗതി സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ. സാങ്കേതിക വിദ്യയിലൂടെ നാം മുന്നോട്ട്....

---



**ഗംഗാധരൻ വി.,** സംസ്ഥാന പ്രസിഡന്റ്

G (P) No. 34/92/P & ARD dtd 19-08-1992 ഓർഡർ അനുസരിച്ച് രജി. നം. 268/92 പ്രകാരം ട്രേഡ്സ്മാൻമാരുടെയും ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും തണൽ വൃക്ഷമായി ആക്റ്റോ വളരാൻ തുടങ്ങി. ആക്റ്റോ എന്ന വടവൃക്ഷത്തിന് രൂപം കൊടുക്കുവാൻ കഠിന പ്രയത്നം ചെയ്ത മുൻകാല നേതാക്കന്മാർക്കും വിശേഷാൽ ശ്രീ. ഉണ്ണിക്കൃഷ്ണൻ അവർകൾക്കും ഒരായിരം പ്രണാമം. അദ്ദേഹം ഒഴുക്കിയ വിയർപ്പിന്റെയോ അനുഭവിച്ച കഷ്ടപ്പാടിന്റെയോ ഒരംശം പോലും അനുഭവിക്കാതെ ഒരുപാട് കാര്യങ്ങൾ നേടിയെടുക്കുവാൻ തുടർന്നുള്ള കാലഘട്ടങ്ങളിൽ സംഘടനയെ നയിച്ചവർക്ക് സാധിച്ചിട്ടുണ്ട്. നാളിതുവരെ സംഘടനയെ നയിച്ചവരെയും, അകമഴിഞ്ഞ് പിന്തുണ നൽകിയ ആക്റ്റോ മെമ്പർമാരെയും സ്മരിക്കുന്നു. കക്ഷി രാഷ്ട്രീയ ഭേദമന്യേ ഒറ്റക്കെട്ടായി മുന്നോട്ട് പോകാം. വരുംതലമുറയ്ക്ക് താങ്ങും തണലുമാകട്ടെ ആക്റ്റോ എന്ന വടവൃക്ഷം. ജയ് ജയ് ആക്റ്റോ.



ആക്റ്റോയുടെ പ്രഥമ ന്യൂസ് ലെറ്റർ സംസ്ഥാന കമ്മിറ്റിയുടെ ഓഫീസിൽ വെച്ച് 2017 ജൂൺ 1 ന് പ്രകാശനം ചെയ്തു.

# 28-ാം സംസ്ഥാന സമ്മേളനം

## 2018 മാർച്ച് 10 ന്
## മലമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ

28-ാം സംസ്ഥാന സമ്മേളനം 2018 മാർച്ച് 10 ന് പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തപ്പെടും. സംസ്ഥാന പ്രസിഡന്റ് പതാക ഉയർത്തുന്നതോടുകൂടി പ്രതിനിധി സമ്മേളനത്തിന് തുടക്കം കുറിക്കും. ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. 2016-17 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ ശ്രീ. നൈസാം എം. വരവ് ചിലവ് കണക്കുകളും അവതരിപ്പിക്കും. ശ്രീമതി ഇന്ദിര രാമചന്ദ്രന്റെ (പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് മലമ്പുഴ) അദ്ധ്യക്ഷതയിൽ കൂടുന്ന പൊതു സമ്മേളനം ശ്രീ. കെ. ബാബു എം.എൽ.എ. ശ്രീ. കെ. ബാബു എം.എൽ.എ. ഉദ്ഘാടനം ചെയ്യും. യാത്രഅയപ്പു സമ്മേളനത്തിന്റെ ഉദ്ഘാടനം ശ്രീ. പ്രസേനൻ എം.എൽ.എ. നിർവ്വഹിക്കും. 2018-19 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതോടുകൂടി 28-ാം സംസ്ഥാന സമ്മേളനത്തിന് സമാപനംകുറിക്കും.



# 1-7-2017 ൽ ആലുവ എവറസ്റ്റ് ഹാളിൽ വച്ച് നടന്ന സംസ്ഥാന കമ്മറ്റിയുടെ യോഗ തീരുമാനങ്ങൾ

1. കോമ്പൻസേറ്ററി അലവൻസ് തിരിച്ചുപിടിക്കുന്നതിന് എതിരെ കൊടുത്ത കേസിൽ അഫക്റ്റഡ് മെമ്പേഴ്സിനെ കക്ഷി ചേർക്കുവാനും അതിനായി വിവരശേഖരണം നടത്തി എത്തിച്ചുതരുന്നതിന് സംസ്ഥാന സമിതി അംഗങ്ങളേയും ജില്ലാ ഭാരവാഹികളെയും ചുമതലപ്പെടുത്തി.
2. റേഷ്യോ പ്രമോഷൻ 1:1:1 ആക്കി കിട്ടുന്നതിനുവേണ്ടി മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും നിവേദനം കൊടുക്കുവാൻ തീരുമാനിച്ചു.
3. 10-ാം ശമ്പള പരിഷ്കരണത്തിന്റെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ അനോമലി പരിഹരിച്ചു കിട്ടുന്നതിന് സംഘടന ഇടപെടാൻ തീരുമാനിച്ചു.
4. ചില ബ്രാഞ്ചുകളിൽ പി.എസ്.സി. നേരിട്ട് ട്രേഡ് ഇൻസ്ട്രക്ടറിനെ നിയമിക്കുന്ന സാഹചര്യത്തിൽ ട്രേഡ്സ്മാൻമാരുടെ പ്രമോഷൻ സാധ്യതയില്ലാതാകുന്നു. ഇതിനെതിരെ സംഘടന ഇടപെടാൻ തീരുമാനിച്ചു.
5. എല്ലാ യൂണിറ്റുകളിലും മെമ്പർഷിപ്പ് പൂർത്തിയാക്കുന്നതിനുവേണ്ടി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ അതാത് ജില്ലാ ഭാരവാഹികളെയും സംസ്ഥാന ഭാരവാഹികളെയും ചുമതലപ്പെടുത്തി.
6. തിരുവനന്തപുരത്ത് ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകച്ചീട്ട് എഴുതുവാനും സംഘടനാ ബോർഡ് സ്ഥാപിക്കുന്നതിനും ജനറൽ സെക്രട്ടറിയേയും ട്രഷററിനെയും ചുമതലപ്പെടുത്തി.
7. സംഘടനാ പ്രവർത്തന ഫണ്ട് 400 രൂപ രണ്ട് ഗഡുക്കളായി (ജൂലൈ, ആഗസ്റ്റ്) ശേഖരിക്കുവാൻ തീരുമാനിച്ചു.

# 18-11-2017 ൽ നടന്ന സംസ്ഥാന കമ്മറ്റിയുടെ യോഗ തീരുമാനങ്ങൾ

1. എല്ലാ ജില്ലകളിലും യൂണിറ്റ്തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ജില്ലാ ഭാരവാഹികളെ ചുമതലപ്പെടുത്തി. ജില്ലാ കമ്മിറ്റികൾ നിലവിൽ ഇല്ലാത്തിടത്തും നിലവിൽ പ്രവർത്തനം സജീവമല്ലാത്ത ജില്ലകളിലും സംസ്ഥാന നേതൃത്വം നേരിട്ട് ഇടപെടാൻ തീരുമാനിച്ചു.
2. നിലവിൽ ട്രേഡ് ഇൻസ്ട്രക്ടർമാരിൽ നിന്നും യോഗ്യതയുള്ളവരെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഡെമോൺസ്ട്രേറ്റർ തസ്തികകളിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനം നിലച്ചിരിക്കുന്ന സാഹചര്യത്തിൽ നിയമനം നടത്തുന്നതിനുവേണ്ടി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഹയർ എഡ്യുക്കേഷൻ സെക്രട്ടറി എന്നിവർക്ക് നിവേദനം കൊടുക്കുവാൻ തീരുമാനിച്ചു.
3. ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള ട്രേഡ് ഇൻസ്ട്രക്ടറിനെ Instructor Grade II ആയി ഡിപ്ലോമ ഉള്ളതിന്റെ അടിസ്ഥാനത്തിൽ നിയമനത്തിനുള്ള ശുപാർശ ചെയ്തിട്ടുണ്ട്. നിലവിലുള്ള ട്രേഡ്സ്മാനെ Instructor Grade II ആക്കി മാറ്റിക്കൊണ്ട് ട്രേഡ്സ്മാൻ തസ്തിക നിർത്തലാക്കാനാണ് ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ നിലവിലുള്ള പോസ്റ്റുകൾ നിലനിർത്തിക്കൊണ്ട് മാത്രമേ സ്ഥാനക്കയറ്റം നൽകാവൂ. നിലവിലുള്ള തസ്തികകൾ നിലനിർത്തുന്നതിനുവേണ്ടി ഡി.റ്റി.ഇ.യ്ക്കും ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറിക്കും സംഘടന നിവേദനം നൽകുവാൻ തീരുമാനിച്ചു.
4. 28-ാം സംസ്ഥാന സമ്മേളനം പാലക്കാട് ജില്ലയിൽ വെച്ച് ഫെബ്രുവരി / മാർച്ച് മാസം നടത്തുവാൻ തീരുമാനിച്ചു.
5. ജില്ല, സോണൽ സമ്മേളനങ്ങൾ ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചു. ജില്ലാ സമ്മേളനങ്ങളുടെ തീയതികൾ അതാത് ജില്ലകളിലെ ഭാരവാഹികളുമായി ആലോചിച്ച് ഒരു ചാർട്ടുണ്ടാക്കുവാൻ ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.
6. ന്യൂസ് ലെറ്റർ പ്രിന്റ് ചെയ്യുന്നതിന് സാമ്പത്തിക ചിലവ് ഉള്ളതിനാലും സംഘടനയുടെ പ്രവർത്തന ഫണ്ടുപോലും ഇതുവരെ പിരിഞ്ഞു കിട്ടാത്ത സാഹചര്യത്തിലും ന്യൂസ് ലെറ്റർ പ്രിന്റ് ചെയ്യുന്നതിന് ചിലവു വരുന്ന തുകയിൽ പകുതിയെങ്കിലും പരസ്യമായോ മറ്റോ സ്വരൂപിക്കാൻ കഴിഞ്ഞാൽ മാത്രം അടുത്ത ബുള്ളറ്റിൻ പ്രിന്റ് ചെയ്താൽ മതിയെന്ന് തീരുമാനിച്ചു.
7. സംഘടനയുടെ വാട്സാപ്പിൽ എല്ലാ യൂണിറ്റ് സെക്രട്ടറി, പ്രസിഡന്റുമാരെയും ഉൾപ്പെടുത്താമെന്നും തീരുമാനിച്ചു.
8. നിയമാവലി ഭേദഗതി കമ്മിറ്റിയിൽ ശ്രീജിമോൻ, ബിജു എസ്., കെ.എം. നാസർ എന്നിവരെയും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

## ആക്റ്റോ ആസ്ഥാനം തിരുവനന്തപുരം

ആക്റ്റോയുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് തിരുവനന്തപുരത്ത് മേലെ തമ്പാനൂരിൽ ഉള്ള കൈരളി ബിൽഡിംഗിൽ പ്രവർത്തനം ആരംഭിച്ചു. ഓഫീസിന്റെ ഉദ്ഘാടനം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഗംഗാധരൻ നിർവ്വഹിച്ചു.

## സ്വാഗതസംഘം രൂപീകരണയോഗം

28-ാം സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘം രൂപീകരണം മലമ്പുഴ ഗ്രാമപഞ്ചായത്ത് ഹാളിൽ ചേർന്നു. ആക്റ്റോ സംസ്ഥാന പ്രസിഡന്റ് ശ്രീ.വി. ഗംഗാധരൻ യോഗം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. സംസ്ഥാന സമ്മേളന നടത്തിപ്പിനെക്കുറിച്ച് വിശദീകരിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ശ്രീ. എസ്. വത്സലകുമാർ, ശ്രീ. ശ്രീജിമോൻ ജോയിന്റ് സെക്രട്ടറിമാരായ ശ്രീ. സന്തോഷ് കുമാർ പി.സി., ശ്രീ. വി.പി. എൽദോസ്, സോണൽ സെക്രട്ടറി ശ്രീ. രഞ്ജിത്ത് കുമാർ, ജില്ലാ സെക്രട്ടറി ശ്രീ. സചിത്രൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ പി.ടി. അജയകുമാർ, ലാൽസൺ കെ.സി., ശ്രീ. ആന്റണി സിജു ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. 28-ാം സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ പ്രകാശനം ചെയ്തു.

## പതാക ജാഥ

28-ാം സംസ്ഥാന സമ്മേളനത്തിന്റെ പതാക ജാഥ പാലക്കാട് ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും പര്യടനം നടത്തുന്നതാണ്. സംസ്ഥാന പ്രസിഡന്റും സമ്മേളന വർക്കിംഗ് ചെയർമാനുമായ ശ്രീ. ഗംഗാധരൻ നയിക്കുന്ന പതാകജാഥയിൽ ജനറൽ കൺവീനർ ശ്രീ. സൂരജ് ജി. വൈസ് ക്യാപ്റ്റനായിരിക്കും. പതാക ജാഥയുടെ ഉദ്ഘാടനം 2018 ഫെബ്രുവരി 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.45 ന് ഐ.പി.റ്റി. & ജി.പി.റ്റി.സി. ഷൊർണ്ണൂരിൽ വെച്ച് ആക്റ്റോ സ്ഥാപക നേതാവ് ശ്രീ. ഉണ്ണിക്കൃഷ്ണൻ ഫ്ളാഗ് ഓഫ് ചെയ്യും.

**9-2-208 വെള്ളിയാഴ്ച, പാലക്കാട്**

| സമയം | സ്വീകരണ കേന്ദ്രം |
|---|---|
| 8.45 am | ഐ.പി.റ്റി & ജി.പി.ടി.സി. ഷൊർണ്ണൂർ |
| 9.15 am | ടി.എച്ച്.എസ്. ഷൊർണ്ണൂർ |
| 10.40am | ഗവ. എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം |
| 12.10 pm | ടി.എച്ച്.എസ്. മരുതമല റോഡ്, പാലക്കാട് |
| 1.30 pm | ജി.പി.ടി.സി., കുടമ്പ്, പാലക്കാട് |
| 2.30 pm | ടി.എച്ച്.എസ്. ചിറ്റൂർ |

## ആദരാഞ്ജലികൾ



ഡോ. പത്മിനി സുനിൽ കുമാർ ഗോപി തടിയമ്പാട്

കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജിലെ അപ്ലൈഡ് ഇലക്ട്രോണിക്സ് വിഭാഗത്തിലെ ട്രേഡ് ഇൻസ്ട്രക്ടറായിരുന്ന ശ്രീ. സുനിൽകുമാർ കോഴിക്കോട് വെച്ചുണ്ടായ വാഹനാപകടത്തിലും വണ്ണപ്പുറം ഗവ. ടെക്നിക്കൽ ഹൈസ്കൂളിലെ ടർണിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറായിരുന്ന ഗോപി തടിയമ്പാട് ഇടുക്കിയിൽ വെച്ചുണ്ടായ വാഹനാപകടത്തിലും മരണപ്പെട്ടു. പരേതർക്ക് സംഘടനയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഗവ. എഞ്ചിനീയറിംഗ് കോളേജ് കോട്ടയം, മുൻ പ്രിൻസിപ്പാൾ ഡോ. പത്മിനി എ.കെ.യുടെ നിര്യാണത്തിൽ ആക്റ്റോ ആർ.ഐ.റ്റി. യൂണിറ്റ് അനുശോചന യോഗം ചേർന്നു. ടീച്ചറിന്റെ ദീർഘനാളത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സേവനങ്ങൾ അനുസ്മരിക്കുകയും, സംഘടനയ്ക്ക് ചെയ്തിട്ടുള്ള സഹായ സഹകരണങ്ങൾ ഓർമ്മിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി., സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി പി. ബീനാകുമാരി, സംസ്ഥാന കമ്മിറ്റിയംഗം ശ്രീ. രാജേഷ്, ജില്ലാ സെക്രട്ടറി ശ്രീ.അനൂപ് എന്നിവർ അനുശോചനം രേഖപ്പെടുത്തി. ശ്രീ. രഞ്ജിത്ത്, ശ്രീ. മോഹനൻ എന്നിവർ അനുശോചന യോഗത്തിന് നേതൃത്വം നൽകി.











## കണ്ണൂർ

ജില്ലാ സമ്മേളനം ഗവ. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കണ്ണൂരിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. ഗംഗാധരൻ വി. ഉദ്ഘാടനം ചെയ്തു. ശ്രീ. ജോയി പീറ്റർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാർ, ഗവ. എഞ്ചിനീയറിംഗ് കോളജ് ടെക്നിക്കൽ സ്റ്റാഫ് ക്ലബ് സെക്രട്ടറി ശ്രീ. സുഗതൻ പി.വി., ശ്രീ. സതീശൻ എന്നിവർ പ്രസംഗിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഗംഗാധരന്റെ നേതൃത്വത്തിൽ 2018-19 വർഷത്തെ ഭാരവാഹികലെ തെരഞ്ഞെടുത്തു.

## എറണാകുളം

ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ 1:1:1 ആക്കുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് 28-ാം ജില്ലാ സമ്മേളനം ആലുവ എവറസ്റ്റ് ഹാളിൽവെച്ച് നടത്തി.

സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ. ബേബിമാത്യു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ ഗിരിചന്ദ്രൻ നായർ, വി.പി. എൽദോസ്, ജില്ലാ സെക്രട്ടറി അബ്ദുൽ നൗഷാദ്, പി.എം. ഏലിയാസ് പോൾ എന്നിവർ പ്രസംഗിച്ചു. ജില്ലാ പ്രസിഡന്റ് ആയി ബേബി മാത്യുവിനേയും സെക്രട്ടറിയായി ഏലിയാസ് പോളിനേയും സംസ്ഥാന പ്രതിനിധികളായി വി.പി. എൽദോസ്, ബേബി മാത്യു, വിനീഷ് കെ.വി.യേയും തെരഞ്ഞെടുത്തു.

ട്രേഡ് ഇൻസ്ട്രക്ടർമാരുടെ ശമ്പളപരിഷ്കരണ അനോമലി ഉടൻ പരിഹരിക്കുക, മദ്ധ്യവേനലവധി മെയ്/ ജൂൺ ആക്കുവാനുള്ള നീക്കം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു.

## കോഴിക്കോട്

ജില്ലാ സമ്മേളനം കേരള ഗവ. പോളിടെക്നിക് കോളേജിൽ വെച്ചു നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. ഉദ്ഘാടനം ചെയ്തു. ഷാബു പട്ടേരി അദ്ധ്യക്ഷനായിരുന്നു. കെ.ജി.പി.ടി.സി. പ്രിൻസിപ്പാൾ ശ്രീ. കെ.പി. രാജീവൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി സന്തോഷ്കുമാർ, പി. ജയപ്രകാശ്, അബ്ദുൽ സലാം, ബെന്നി തോമസ്, മുഹമ്മദ് ബഷീർ, പി. സി. കുമാർ എന്നിവർ പ്രസംഗിച്ചു. റിട്ടേണിംഗ് ഓഫീസർ ശ്രീ. സന്തോഷ്കുമാർ പി.സി. (സംസ്ഥാന ജോയിന്റ് സെക്രട്ടറി, ആക്റ്റോ) യുടെ നേതൃത്വത്തിൽ 2018-2019 വർഷത്തെ ജില്ലാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

### ക്ലീൻ ക്യാമ്പസ് ഔവർ ഡ്രീം കാമ്പസ്

ശ്രീനാരായണ പോളിടെക്നിക് കോളേജ് കൊട്ടിയം ആക്റ്റോ യൂണിറ്റിന്റെ **'ക്ലീൻ ക്യാമ്പസ് ഔവർ ഡ്രീം കാമ്പസ്'** എന്ന പരിപാടി കോളേജ് പ്രിൻസിപ്പാൾ ശ്രീ. വി. അജിത് ഉദ്ഘാടനം ചെയ്തു. ക്യാമ്പസ് പരിസരം ശുചീകരിക്കുകയും വൃക്ഷത്തൈകൾ നടുകയും ചെയ്തു. സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ. ബിജു എസ്., യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബിജു എസ്., സെക്രട്ടറി ശ്രീ. പ്രവീൺ കെ.രാജൻ, ട്രഷറർ ശ്രീ. പ്രിൻസി പ്രസാദ് എന്നിവർ ക്യാമ്പസ് ശുചീകരണത്തിന് നേതൃത്വം നല്കി.

## ഇടുക്കി

ജില്ലാ സമ്മേളനം ഗവ. പോളിടെക്നിക്ക് കോളേജ് മുട്ടത്തുവെച്ച് നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ വത്സലകുമാർ, ജോയിന്റ് സെക്രട്ടറി ശ്രീ. വി. പി. എൽദോസ്, സംസ്ഥാന കമ്മിറ്റിയംഗം ശ്രീ. കെ.എം. നാസർ എന്നിവർ പ്രസംഗിച്ചു. റിട്ടേണിംഗ് ഓഫീസർ ശ്രീ. വത്സലകുമാറിന്റെ നേതൃത്വത്തിൽ 2018 - 19 വർഷത്തെ ജില്ലാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

## പാലക്കാട്

സമ്മേളനം ഫെബ്രുവരി മാസം പാലക്കാട് ജി.പി.റ്റി.സി. യിൽ വച്ച് നടത്തി. സമ്മേളനം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ. ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. സൂരജ്, സോണൽ സെക്രട്ടറി ശ്രീ. രഞ്ജിത്കുമാർ എന്നിവർ പ്രസംഗിച്ചു.


## കോട്ടയം

28-ാം ജില്ലാ സമ്മേളനം മാർച്ച് 1ന് കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ചേർന്നു. ജില്ലാ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ. ശ്രീജിമോൻ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ശ്രീമതി ബീനാകുമാരി, ജോ. സെക്രട്ടറി ശ്രീ. ബിജു എസ്., ജില്ലാ സെക്രട്ടറി ശ്രീ. അനൂപ് വി. എന്നിവർ പ്രസംഗിച്ചു. റിട്ടേണംഗ് ഓഫീസർ ശ്രീ. ബിജു എസ്. (സംസ്ഥാന ജോ. സെക്രട്ടറി, ആക്റ്റോ) യുടെ നേതൃത്വത്തിൽ 2018-19 വർഷത്തെ ജില്ലാ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റായി ശ്രീജിമോനേയും സെക്രട്ടറിയായി അഷ്റഫിനേയും സംസ്ഥാന പ്രതിനിധികളായി ശ്രീ. സൂരജ്, ശ്രീ. ശ്രീജിമോൻ, ശ്രീ. സിനു എന്നിവരെ തെരഞ്ഞെടുത്തു.

ELMACTICS ENTERPRISES
(An ISO 9001 - 2015 Certified Company)
VII/829 CB5, Ambedkar Road, Pattupura Nagar
Kusumgiri P.O., Kakkanad, Cochin- 682 030
URL www.elmactics.com
Tel/ Fax : 0481 2427068
Ph : 0484 2425068, 2107068, 8714545463
E-mail: elmactics@gmail.com
Engineering/ Medical Lab Solutions & Supplies

## നിർദ്ദേശങ്ങൾ

1. സംസ്ഥാന കമ്മിറ്റി നിശ്ചയിച്ച പ്രവർത്തന ഫണ്ട് 400 രൂപ ഓരോ അംഗങ്ങളിൽ നിന്നും യൂണിറ്റ് ഭാരവാഹികൾ സ്വരൂപിച്ച് 325 രൂപ സംസ്ഥാന കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ ഫെബ്രുവരി 27 ന് മുമ്പായി അടയ്ക്കേണ്ടതാണ്. പിന്നീട് ഓരോ അംഗങ്ങൾക്കും സംസ്ഥാന കമ്മിറ്റി രസീത് നൽകും.
2. സമ്മേളന ഫണ്ട് 500 രൂപ ഓരോ അംഗങ്ങളിൽ നിന്നും യൂണിറ്റ് ഭാരവാഹികൾ സ്വീകരിച്ച് സംസ്ഥാന കമ്മിറ്റിയിൽ അടയ്ക്കേണ്ടതാണ്. അംഗങ്ങൾക്ക് യൂണിറ്റ് ഭാരവാഹികൾ സംസ്ഥാന കമ്മിറ്റിയുടെ രസീത് നൽകും.
3. സമ്മേളനത്തിന് വരുമ്പോൾ യൂണിറ്റ് ഭാരവാഹികൾ നിർബന്ധമായും സമ്മേളന ഫണ്ടിന്റെ രസീത് കൗണ്ടർ ഫോയിൽ തിരികെ ഏൽപിക്കേണ്ടതാണ്.
4. ജില്ലാ സമ്മേളനത്തിൽ പാസ്സാക്കുന്ന പ്രമേയങ്ങൾ മാത്രമേ സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കുകയുള്ളൂ. അത് ജില്ലാ ഭാരവാഹികൾ സംസ്ഥാന കമ്മിറ്റിക്ക് നൽകുക.
5. 2018 ജൂൺ 30 ന് മുൻപ് സർവ്വീസിൽ നിന്നും വിരമിക്കുന്ന അംഗങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, സർവ്വീസ് വിവരങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റും പത്ത്/ പന്ത്രണ്ട് ക്ലാസ്സിൽ മുഴുവൻ വിഷയങ്ങൾക്കും എ+/എ1 കരസ്ഥമാക്കിയ സംഘടന അംഗങ്ങളുടെ മക്കളെ അനുമോദിക്കുന്നതിനായി പാസ്പോർട്ട് സൈസ് ഫോട്ടോ, സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവയും, ആക്റ്റോ അംഗങ്ങൾക്ക് സംസ്ഥാന തല അവാർഡുകളോ, മറ്റ് അംഗീകാരങ്ങളോ ലഭിച്ചിട്ടുണ്ടെങ്കിൽ അവരുടെ വിവരങ്ങളും മാർച്ച് 7-ാം തീയതിക്കു മുൻപായി ജനറൽ സെക്രട്ടറിക്ക് എത്തിക്കേണ്ടതാണ്.
6. ഓരോ യൂണിറ്റുകളും സംസ്ഥാന കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ചിട്ടുള്ള സമ്മേളന ബാനർ/ ബോർഡ് അതാത് യൂണിറ്റുകളിൽ വയ്ക്കണം.




## നമുക്കൊന്നിച്ചു മുന്നേറാം



ശ്രീ. ഉണ്ണിക്കൃഷ്ണൻ മാഷിന്റെ കഠിന പ്രയത്നത്തിലൂടെ രൂപീകൃതമായ ആക്റ്റോ എന്ന സംഘടന കേരളത്തിലെ ഓരോ ട്രേഡ്സ്മാൻമാർക്കും ട്രേഡ് ഇൻസ്ട്രക്ടർമാർക്കും വളരെയധികം ഗുണം ചെയ്യുന്നുണ്ട്. ഓരോ വർഷവും മാറി മാറി വരുന്ന ഭാരവാഹികൾ ഈ സംഘടനയെ പുരോഗതിയിലേക്ക് നയിക്കുവാൻ പരിശ്രമിച്ചു. ട്രേഡ്സ്മാൻ, ട്രേഡ്സ് ഇൻസ്ട്രക്ടർ തസ്തികകൾ വരുംകാലങ്ങളിൽ വിവിധ വകുപ്പുകളിലേയ്ക്ക് വിഭജിക്കപ്പെടാൻ സാധ്യതയുണ്ട്. അതിനാൽ എല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട് സംഘടനയെ ശക്തിപ്പെടുത്തുക. സംഘടനാ പ്രവർത്തനങ്ങളിൽ പിന്തുണ നൽകി ഓരോ അംഗങ്ങളും കൂടെനിന്നതിന് വളരെയധികം നന്ദിയുണ്ട്. ഇനിയുള്ള വർഷങ്ങളിലും കക്ഷിരാഷ്ട്രീയ ഭേദമെന്യേ ആക്റ്റോ എന്ന സംഘടനയ്ക്കുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. 28-ാം സംസ്ഥാന സമ്മേളനം മാർച്ച് 10 ന് മലമ്പുഴ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ അംഗങ്ങളുടെയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

*സൂരജ് ജി., ജനറൽ സെക്രട്ടറി*

## അനുമോദനങ്ങൾ

കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ലോവർ പ്രൈമറി സ്കൂൾ കുട്ടികൾക്കായി നടത്തിവരുന്ന സെന്റർ ഫോർ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ എഡ്യൂക്കേഷൻ ടെക്നോളജിയുടെ ഭാഗമായി അപ്രീസിയേഷൻ സർട്ടിഫിക്കറ്റ് കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രി സി. രവീന്ദ്രനാഥിന്റെ കൈയിൽ നിന്നും ശ്രീ. റ്റി. ദിലീപന് (ട്രേഡ് ഇൻസ്ട്രക്റ്റർ, മെക്കാനിക്കൽ) ലഭിച്ചു.

### മികച്ച എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ

നാഷണൽ സർവ്വീസ് സ്കീം (ടെക്നിക്കൽ സെൽ) ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ 181-ാം നമ്പർ യൂണിറ്റിലെ പ്രോഗ്രാം ഓഫീസറായ ശ്രീ. പവിത്രൻ എസ്.ആർ. (ട്രേഡ് ഇൻസ്ട്രക്ടർ, ടേണിംഗ്) ടെക്നിക്കൽ സെല്ലിൽ നിന്നും 2017-18 വർഷത്തെ മികച്ച പ്രോഗ്രാം ഓഫീസറായി തെരഞ്ഞെടുത്തു. വ്യക്തിഗത നേട്ടങ്ങൾ കൈവരിച്ചവർക്ക് സംഘടനയുടെ അഭിനന്ദനങ്ങൾ....

**BANK ACCOUNT DETAILS :**
Syndicate Bank, Aluva Branch,
A/c No. : 46002200097005, IFSC Code : SYNB0004318




Amma Digital, Ktm- 0481 2304788

**Editorial Board :** Sri. V. Gangadharan, Sri. Sooraj G., Sri. M. Nizam, Smt. Beenakumari P., Sri. V P Eldhose, Biju S.

*Edited, Printed & Published by : General Secretary, All Kerala Trade Instructors and Tradesmans Organization, State Committee. Designed by : Amma digital Kottayam. Printed at : Dona Colour Printers, Kottayam*